"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ സേവനകാലാവധി താൽക്കാലികമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1252/2024/LSGD തീയതി,തിരുവനന്തപുരം, 09-07-2024

പരാമർശം:-
1. സ.ഉ.(സാധാ)നം.1559/2022/ത.സ്വ.ഭ.വ തീയതി 30.06.2022
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.05.2024, 26.06.2024 തീയതികളിലെ LSGD/P/26308/2023 DPLD3 നമ്പർ കത്തുകൾ

**ഉത്തരവ്**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ, അക്കൗണ്ടന്റ്-കം-ഐ.ടി അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തി, ആയതിന്റെ അടിസ്ഥാനത്തിൽ 2022 ജൂൺ 30-ന് ശേഷം കുറഞ്ഞത് ഒരു ദിവസത്തെ ഇടവേള നൽകി ടി ജീവനക്കാരുടെ കരാർ രണ്ട് വർഷത്തേയ്ക്ക് കൂടി പുതുക്കി നൽകുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ തുടർന്ന് വന്ന കരാർ ജീവനക്കാരെ ടിയാരുടെ 2022-23, 2023-24 വർഷങ്ങളിലെ പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി കരാർ പുതുക്കി നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. കരാർ ജീവനക്കാരുടെ സേവനകാലാവധി പുതുക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റേതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കു എന്നതിനാലും, അതേ സമയം പദ്ധതി നിർവ്വഹണം കാര്യക്ഷമമായി കൊണ്ടുപോകുന്നതിന് പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനത്തുടർച്ച ഉറപ്പാക്കുന്നത് അനിവാര്യമാണെന്നതും പരിഗണിച്ച്, സർക്കാർ അന്തിമ തീരുമാനം എടുക്കുന്നത് വരെ നിലവിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരെ താൽക്കാലികമായി ജോലിയിൽ തുടരുന്നതിന് അനുമതി നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ വീണ്ടും അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നിർദ്ദേശം അനുസരിച്ച് കരാർ ജീവനക്കാരുടെ കാലാവധി താൽക്കാലികമായി ദീർഘിപ്പിച്ച് നൽകിയില്ലെങ്കിൽ പരാമർശ പദ്ധതിയുടെ നടത്തിപ്പ് പ്രതിസന്ധിയിലാകുമെന്ന് സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി. മേൽ വിവരിച്ച സാഹചര്യത്തിൽ, സംസ്ഥാനത്ത് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ചതിന്റെ

അടിസ്ഥാനത്തിൽ 30.06.2024 വരെ സേവനത്തിൽ തുടർന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി, അവരുടെ കരാർ കാലാവധി അവസാനിക്കുന്ന തീയതി മുതൽ, ഒരു ദിവസം ബ്രേക്ക് നൽകി, മൂന്ന് മാസത്തേയ്ക്കോ അല്ലെങ്കിൽ ടി പദ്ധതിയ്ക്ക് കീഴിലെ കരാർ ജീവനക്കാരുടെ സേവന കാലാവധി പുതുക്കുന്നത് സംബന്ധിച്ച് സർക്കാർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണോ ആദ്യം, അത് വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എല്ലാ മുനിസിപ്പൽ കോർപ്പേറേഷൻ മേയർ /സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കൗൺസിൽ ചെയർമാൻ /സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 09-07-2024 15:09:08

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണ-എക്സൈസ്- പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്